LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സർക്കാർ സർവ്വീസിലെ വികലാംഗരായ ഉദ്യോഗസ്ഥർക്ക് സ്ഥാന കയറ്റത്തിനായി മൂന്ന് ശതമാനം സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സൂപ്പർന്യൂമററി തസ്തികകൾ

50 (1754) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2014-2015 വർഷത്തിൽ വിവിധ വകുപ്പുകളിൽ എത്ര സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചു ; വിശദമാക്കാമോ ?

ഉത്തരം

പൊതുവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ഉന്നത വിദ്യാഭ്യാസം, ആഭ്യന്തരം, നികുതി എന്നിവ ഒഴികെയുള്ള വകുപ്പുകളിലായി 2014-15 വർഷത്തിൽ 965 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* പൊതുവിദ്യാഭ്യാസം, ആരോഗ്യം, കുടുംബക്ഷേമം, ഉന്നത വിദ്യാഭ്യാസം, ആഭ്യന്തരം, നികുതി എന്നീ വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

അഗ്രികൾച്ചറൽ അസിസ്റ്റന്റ് നിയമനം

51 (1755) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 മേയ് മാസത്തിൽ നിലവിൽ വന്ന അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷത്തേക്ക് നീട്ടി നൽകുമോ ;

(ബി) സർക്കാർ പെൻഷൻ പ്രായം ഉയർത്തിയതിലൂടെ ഈ ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് വന്ന (അവസര) നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-5-2012-ൽ നിലവിൽവന്ന കൃഷി വകുപ്പിലെ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി 30-9-2015 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി 30-9-2015 വരെ ദീർഘിപ്പിച്ചു നൽകിയതുമൂലം കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.